# മകൾ

Ajitha D.
Poet

വിധി നിന്നെ, എന്നെയും
സൃഷ്ടി തൻ കൈകളാൽ
പെണ്ണായ് മെനഞ്ഞിട്ടു നട്ടതീയൂഴിയിൽ
എന്തിനായ്, എന്തിനായ്
ചിന്തിച്ചു ഞാനിന്നു

തണലായ് വളർന്നിട്ടു കുളിരു പകരാനോ
കനലായെരിഞ്ഞിട്ടു കവചമൊരുക്കാനോ

പത്തു മാസം നിന്നെ വിത്തിലൊളിപ്പിച്ച്
ഞാനെൻ്റെ ഹൃത്തിനെ ചിപ്പിയായ് കാത്തിട്ടു മുത്തായ് വിളയിച്ച്, മണ്ണിൽ
വേരോടിച്ച്,
ചിറകു മുളപ്പിച്ച്,
സൂര്യനെ നിന്നുള്ളിൽ കനലായ് വിതച്ചിട്ട്
മകളായ് പിറന്നു നീ

ഈ മാറിനും, പാരിനും തണലായ് വളരുവാൻ
മേഘങ്ങളോളം പറന്നുയർന്നീടുവാൻ
ഇരുളടഞ്ഞോടത്തു
ജ്യോതിയായ് തെളിയുവാൻ
വരളുമീ മണ്ണിൽ പുഴയായ് ഒഴുകുവാൻ

ചുറ്റുമുള്ളോർക്ക് തണലേകു നീ എന്നും
കെട്ടു പോകാതെ ജ്വലിക്കട്ടെയുൾത്തടം.